ചേരനല്ലൂരിലെ എയർവാടി സിദ്ധൻ

167. [233] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേരനല്ലൂരിലെ എയർവാടി സിദ്ധൻ എന്നറിയപ്പെടുന്ന കാസിം മുഹമ്മദിന്റെ മന്ത്രവാദത്തിനിടയിൽ മണി എന്ന ഹരിജൻ യുവതി മരിച്ചതിനെപ്പറ്റി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അസ്വാഭാവിക മരണം എന്ന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുകയാണ്.

പുനലൂരിൽ ഇടതുപക്ഷമുന്നണി നേതാക്കളുടെ നേരെ നടത്തിയ ലാത്തിച്ചാർജ്

168. [234] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാർച്ച് 7-ാം തീയതി പുനലൂരിൽ ഇടതുപക്ഷമുന്നണിനേതാക്കളുടെ നേരെ നടത്തിയ ഭീകരമായ ലാത്തിചാർജിന്റെ ഫലമായി നിരവധി ആളുകൾക്ക് പരിക്കുകൾ പറ്റി ആശുപത്രിയിൽ കിടന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ലാത്തിച്ചാർജിന്റെ ഫലമായി എത്ര പേർക്ക് പരിക്കുപറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അകാരണമായി ലാത്തിച്ചാർജ് നടത്തിയ പുനലൂർ പോലീസ് സ്റ്റേഷൻ അധികൃതർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) ഈ ലാത്തിചാർജിനെതിരെ ജനങ്ങളുടെ പ്രതിഷേധം ബന്ധപ്പെടുത്തിക്കൊണ്ട് പ്രകടിപ്പിച്ചിട്ടുള്ള വിവരം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഈ കേസിനുത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലാത്തിച്ചാർജ് നടന്നിട്ടില്ല.

(ബി) പോലീസ് തടസ്സം നീക്കുന്നതിനിടയിൽ ഓടിവീണ് 14 പേർക്ക് പരിക്കുപറ്റിയിട്ടുണ്ട്.

(സി, ഡി) ഉദിക്കുന്നില്ല

(ഇ) ബന്ധുണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ആവശ്യമുണ്ടെന്നു കരുതുന്നില്ല.

ചാക്കോ വധക്കേസ്

169. [236] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാക്കോ വധക്കേസിലെ സുകുമാരക്കുറുപ്പ് എന്ന പ്രതിയെ ഇനിയും പിടികിട്ടാത്തതിന്റെ കാരണം എന്തെന്നും സുകുമാരക്കുറുപ്പിനെ പിടിക്കാൻ എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly